# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3909** **21.06.2018- ൽ മറുപടിയ്ക്ക്**

## സെക്രട്ടേറിയറ്റ് ഹൗസിംഗ് സഹകരണ സംഘം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുൽ ഹമീദ്. പി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലെ ഹൗസിംഗ് സഹകരണ സംഘത്തിലെ മുൻ ഭരണസമിതി അംഗങ്ങളായ 10 പേരെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് കുറ്റത്തിന്റെ അടിസ്ഥാനത്തിലായിരുന്നു സസ്പെൻഡ് ചെയ്തതെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. തിരുവനന്തപുരം സഹകരണ സംഘം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർക്ക് ലഭിച്ച പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ ടി സംഘം ഭരണസമിതി കൂട്ടായി അഴിമതി നടത്തിയിട്ടുള്ളതായും, പണാപഹരണം വ്യാജ രേഖ ചമയ്ക്കൽ, ഗവൺമെന്റ് സർട്ടിഫിക്കറ്റുകൾ കൃത്രിമമായി തയ്യാറാക്കൽ, ഉദ്യോഗസ്ഥരുടെയും വകുപ്പുകളുടെയും ഔദ്യോഗിക മുദ്രകൾ വ്യാജമായി നിർമ്മിക്കൽ, ആൾമാറാട്ടം തുടങ്ങിയ ക്രിമിനൽ കുറ്റങ്ങൾ നടന്നിട്ടുള്ളതായും വ്യക്തമായതിനെ തുടർന്ന് റ്റി. 372-ാം നമ്പർ ഗവൺമെന്റ് സെക്രട്ടേറിയേറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിലെ ഭരണ സമിതി അംഗങ്ങളായിരുന്ന 10 പേരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സസ്പെൻഡ് ചെയ്യപ്പെട്ടവർ വിവരാവകാശ നിയമപ്രകാരം ബന്ധപ്പെട്ട ഫയലിന്റെ പകർപ്പുകൾ ആവശ്യപ്പെട്ടിരുന്നോ എന്ന് വെളിപ്പെടുത്തുമോ; | (ബി) | തിരുവനന്തപുരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറോട് ആവശ്യപ്പെട്ടിരുന്നു. |
| (സി) | പ്രസ്തുത വിവരാവകാശ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ? | (സി) | വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 12.02.2018 ലെ സി.ആർ.ബി (1) 1302/2018 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം സഹകരണ സംഘം രജിസ്ട്രാർ (ജനറൽ) ഓഫീസിൽ നിന്നും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**